**നം.കെ.എസ്.എ-കെ.ടി.എം.പി.6/1869/2019** **തീയതി 10.01.2020**

# ***കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്***

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ***മറവന്തുരുത്ത്*** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.12.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ സാബു സി. ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.2019 മുതൽ 04.12.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആൽബിൻ സിറിയക് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.വി. ഹരിക്കുട്ടൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി മീര എൻ. മേനോൻ | 01.04.2018-15.4.2018 |
| | ശ്രീ ജിജിമോൻ (അസി.സെക്രട്ടറി ഇൻ ചാർജ്) | 16.4.2018-11.5.2018 |
| | ശ്രീമതി മീര എൻ. മേനോൻ | 12.5.2018-31.3.2019 |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജിജിമോൻ എം.റ്റി. | 1.04.2018 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റേച്ചൽ സോഫിയ അലക്സാണ്ടർ | 1.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എം.വിജയകുമാർ | 1.04.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബി. അനിൽകുമാർ | 1.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി അനില കെ.എസ് | 1.04.2018 മുതൽ 12.11.2018 വരെ |
| | ശ്രീ അരുൺ എൻ.എസ്. | 28.11.18 മുതൽ 31.3.19 വരെ |
| | ശ്രീമതി സൂര്യ | 1.8.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അലക്സ് തോമസ് | 1.04.2018 മുതൽ 20.3.2019 വരെ |
| | ഡോ.ലിറ്റി തോമസ് | 21.03.2019 മുതൽ 31.3.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീമോൾ എസ് | 1.4.18മുതൽ 1.05.18 വരെ 13.9.18 മുതൽ 30.11.18 വരെ |
| | ശ്രീമതി രമ്യ | 2.05.18 മുതൽ 12.09.18 വരെ |
| | ശ്രീമതി സുചിത്ര | 1.12.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.നിഷ മോഹൻ | 1.04.2018 മുതൽ 15.7.18 വരെ |
| | ഡോ.നമിത | 16.07.2018 മുതൽ 1.10.2018 വരെ |
| | ഡോ.നമിത കെ.ആർ | 2.10.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുധിൻ കൃഷ്ണൻ റ്റി | 1.04.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മനോജ് കുമാർ എം | 1.04.2018 മുതൽ 31.3.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി മറ്റം മെറിറ്റ് കുര്യൻ | 1.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി സെറിൻ വി.ജി. | 01.04.2018 മുതൽ 27.01.19 വരെ |
| | ശ്രീമതി ഉഷകുമാരി വി.ജി. | 28.01.2019 മുതൽ 5.03.2019 വരെ |

| | | |
|---|---|---|
| | ശ്രീമതി അന കെ. ജോസഫ് | 06.03.2019 മുതൽ<br>31 .03.19 വരെ |

**ഉള്ളടക്കം**



| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ക്യാഷ് പരിശോധന |
| 1-5 | ആഭ്യന്തരനിയന്ത്രണം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | റീകൺസിലിയേഷൻ പത്രികയിലെ കളക്ഷൻ ആകാത്ത ചെക്കുകളുടെ ലിസ്റ്റിൽ തെറ്റായ രേഖപ്പെടുത്തലുകൽ കാണപ്പെടുന്നു |
| 1-9 | ഐ.സി.ഡി.എസ്. അക്കൗണ്ട് ക്ലോസ് ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിരിക്കുന്നു |
| 1-10 | ബി.എസ്.എൻ.എൽ.ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല |
| 1-11 | സഞ്ചയ – വസ്തുനികുതി പ്യൂരിഫിക്കേഷൻ നടപടികളിൽ അപാകതകൾ |
| 1-12 | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കയില്ല |
| 1-13 | ലൈസൻസ് അനുവദിക്കൽ - നടപടിക്രമങ്ങളിൽ അപാകം |
| 1-14 | റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത്-സംബന്ധിച്ച് |
| 1-15 | ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 1-16 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 1-17 | തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല |
| 1-18 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല |
| 1-19 | വാഹനത്തിന്റെ സർവ്വീസ് - ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും ഭരണസമിതിയുടെ |

| | |
|---|---|
| | അംഗീകാരം ലഭിച്ചതിന്റെയും രേഖകൽ ലഭ്യമല്ല |
| 1-20 | മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി ഫലപ്രദമായി നടപ്പാക്കിയിട്ടില്ല |
| 1-21 | വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് |
| 1-22 | മാർഗ്ഗരേഖയില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു |
| 1-23 | പഞ്ചായത്ത്തല സ്കോളർഷിപ്പ് - പ്രോജക്ടിലെ അപാകതകൾ |
| 1-24 | പ്രോജക്റ്റ് നം.23/18-19 – അമ്മ മധുരം - ഗവ.സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണ പ്രോജക്ടിൽ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്തിയിരിക്കുന്നു |
| 1-25 | പി.എച്ച്.സി. ലാബിലേക്കും ഫാർമസിയിലേക്കും എ.സി. - ടെണ്ടർ ക്ഷണിച്ചില്ല |
| 1-26 | പി.എച്ച്.സി.ക്ക് സോളാർ പാനൽ - കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഘലയുമായി ബന്ധിപ്പിച്ചില്ല |
| 1-27 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - വാഹന ഉപയോഗം - ചെലവ് രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ |
| 1-28 | പി.എച്ച്.സി. കുലശേഖരമംഗലം സബ് സെന്റർ - പൊതുസ്ഥലത്ത് കൂടി വഴി നൽകേണ്ടി വരുന്നത് - കേസിന്റെ തുടർനടപടി വിവരം ലഭ്യമല്ല |
| 1-29 | ആയുർവേദ ആശുപത്രിക്ക് ഔഷധസസ്യത്തോട്ടം തുടർ പരിപാലനം സംബന്ധിച്ച് |
| 1-30 | അഗതിരഹിത കേരളം - പ്രവർത്തനം മന്ദഗതിയിൽ |
| 1-31 | പഞ്ചായത്ത് ഓഫീസ് നവീകരണം - അടിസ്ഥാന സൗകര്യം ഉറപ്പാക്കിയില്ല |
| 1-32 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗ വിവരമില്ല |
| 1-33 | പ്രോജക്റ്റ് നം.52/18-19 – കന്നുകുട്ടി പരിപാലനം - അപാകതകൾ |
| 1-34 | ഉരുക്കളെ വാങ്ങൽ പ്രോജക്ടുകളിലെ അപാകതകൾ |
| 1-35 | ലൈബ്രറിയുടെ പ്രവർത്തനം - അവലോകനം |
| 1-36 | ഫിറ്റ്നെസ്സില്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു |
| 1-37 | തെരുവ് വിളക്ക് വാങ്ങൽ - ഇൻസ്റ്റലേഷൻ വിവരങ്ങളില്ല |
| **ഭാഗം 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |

| | |
|---|---|
| 4-1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം |
| 4-9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19 |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.3.18 ൽ ചേർന്ന കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08.2.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10803881 | 2852316 |
| വരവ് | 182136500 | 62234918 |
| ആകെ | 192940381 | 65087234 |
| ചെലവ് | 183266918 | 57853032 |
| നീക്കിയിരിപ്പ് | 9673463 | 7234202 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ്

നിർദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദ്ദേശങ്ങളും നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. ക്ഷേമകാര്യ സ്റ്റാസ്റ്റാന്റിംഗ് കമ്മിറ്റി 8.2.18 ലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 10.1.18-ലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 25.1.18 നുമാണ് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുന്നത്. 16.3.18-നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ചത്. ബജറ്റ് രൂപീകരണത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും സമയക്ലിപ്തതയും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കിയാൽ ശരിയായ രീതിയിലുള്ള ബജറ്ററി കൺട്രോൾ സാദ്ധ്യമാവൂ.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15566000 | 15566000 | 14346357 | 1219643 | 92.16 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5441000 | 5441000 | 3728648 | 1712352 | 68.5 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 104000 | 104000 | 100000 | 4000 | 96.15 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2388000 | 2388000 | 2388000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3179000 | 3179000 | 2415197 | 763803 | 75.9 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9135293 | 9135293 | 4817580 | 4317713 | 52.7 |
| തനത് ഫണ്ട് | 0 | 8066590 | 8066590 | 6820728* | 0 | |
| ബി ഫണ്ട് | 0 | 410160 | 410160 | 410160 | 0 | |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 212903 | 476429 | 689332 | 0 | 689332 | |
| സാക്ഷരത | 55129 | 0 | 55129 | 0 | 55129 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1125547 | 616966 | 1742513 | 1125547** | 616966 | |
| റ്റി.എസ്.സി | 22900 | 0 | 22900 | 0 | 22900 | |
| എം.എൻ. ലക്ഷംവീട് | 205472 | 8274 | 213746 | 0 | 213746 | |
| എസ്.എസ്.എ. | 41426 | 1460 | 42886 | 0 | 42886 | |
| ട്രഷറി ജോയിന്റ് വെഞ്ചർ ബ്ലോക്ക് ഷെയർ | 0 | 1599825 | 1599825*** | 1120517 | 479308 | |
| ട്രഷറി ജോയിന്റ് വെഞ്ചർ ജില്ലാപഞ്ചായത്ത് ഷെയർ | -151891 | 3152789 | 3000898*** | 2500898 | 500000 | |

* തനത് ഫണ്ടിന്റെ പ്രാരംഭബാക്കി നീക്കിയിരിപ്പ് തുകകളിൽ മറ്റ് ഇനങ്ങളും ഉൾപ്പെട്ടിരിക്കുന്നതിനാൽ ആയതിന്റെ കൃത്യത നിർണ്ണയിക്കാനായില്ല.

** തെറ്റായ പ്രാരംഭബാക്കിയായ 1125547 ഹെഡ് കറക്ഷൻ ചെയ്തത്.

*** വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**<u>തൊഴിലുറപ്പുപദ്ധതി</u>**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | -89 | 1063437 | 1063348 | 1062468 | 880 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34744453 | 34744453 | 34744453 | 0 |
| ആകെ | -89 | 35807890 | 35807801 | 35806921 | 880 |

**ക്ഷേമപദ്ധതികൾ**

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 320160 | 266 |
| കർഷകതൊഴിലാളി പെൻഷൻ | 1318800 | 318 |
| വിധവാപെൻഷൻ | 2163200 | 551 |
| വാർദ്ധക്യകാലപെൻഷൻ | 8296300 | 2381 |
| വികലാംഗപെൻഷൻ | 1130000 | 270 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 185200 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-3 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ 07.02.18ന് ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 24.01.18-മുതൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 27.02.18-ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

| | |
|---|---|
| ഊരുകൂട്ടം | 20.2.18 |
| വികലാംഗ ഗ്രാമസഭ | 17.2.18 |
| വയോജന ഗ്രാമസഭ | 16.2.18 |
| മൽസ്യഗ്രാമസഭ | 16.2.18 |

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതി ആസൂത്രണ പ്രക്രിയകളിൽ സജീവമായി ഇടപെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.2.19ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490/18/DPC/DPO/KTM തീയതി 1.03.19

ആകെ 153പ്രോജക്ടുകൾ ആവിഷ്കരിച്ചു. 114 പ്രോജക്ടുകൾ നടപ്പിലാക്കി (നിർവ്വഹണ ശതമാനം 74.5%)

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

അംഗീകാരം ലഭിച്ച 153 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 14 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| ക്രമനം | നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 28 | 25 | 4383003 | 3543802 | 80.8 |
| 2 | അസി.സെക്രട്ടറി | 5 | 5 | 565950 | 500460 | 88.4 |
| 3 | കൃഷി ഓഫീസർ | 5 | 5 | 1693773 | 1693773 | 100 |
| 4 | അസി.എഞ്ചിനീയർ | 58 | 33 | 20497819 | 9020503 | 44 |
| 5 | വി.ഇ.ഒ1 | 4 | 3 | 1650000 | 1325694 | 80 |
| 6 | വി.ഇ.ഒ2 | 15 | 11 | 47529681 | 19002484 | 39.9 |
| 7 | വെറ്ററിനറി സർജൻ | 7 | 6 | 2695800 | 2014000 | 74 |
| 8 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10 | 9 | 1952644 | 1371341 | 70 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| 10 | മെഡിക്കൽ ഓഫീസർ | 4 | 4 | 1043940 | 1043940 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവേദം | | | | | |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 671000 | 671000 | 100 |
| 12 | എച്ച്.എം | 7 | 4 | 1141200 | 1047828 | 91.8 |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 2792287 | 2612219 | 93.5 |
| 14 | ക്ഷീരവികസന ഓഫീസർ | 1 | 1 | 300000 | 300000 | 100 |
| | ആകെ | 153 | 114 | 87117097 | 44347044 | 50.9 |

2018-19 ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം മറവന്തുരുത്ത് കൃഷിഭവൻ മുഖാന്തിരം ഭക്ഷ്യസുരക്ഷഉറപ്പാക്കാൻ നെൽകൃഷി വികസനം, പച്ചക്കറികൃഷി, വാഴവിത്ത്, കിഴങ്ങ്കൃഷി എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്. സാധാരണക്കാർക്കു പ്രയോജനം കിട്ടുന്ന രീതിയിൽ ആട്ടുവളർത്തൽ, കറവപ്പശു വളർത്തൽ എന്നിവ മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള, പോഷകാഹാര വിതരണം, സ്കോളർഷിപ്പ് വിതരണം എന്നിവ മികച്ച രീതിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സ്പെഷ്യൽ ചെയർ നൽകിയ പദ്ധതി പ്രത്യേക പരാമർശമർഹിക്കുന്നു.

ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി, വൃദ്ധജനപരിപാലനം, വൃദ്ധവികലാംഗ പരിചരണം എന്നീ പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കി. പി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പരിഗണന നൽകുകയും ആർദ്രം പദ്ധതിയുമായി യോജിച്ച് 2019-20-ൽ മനോഹരമായ ഒരു കുടുംബക്ഷേമകേന്ദ്രമായി പി.എച്ച്.സി.യെ ഉയർത്തുകയും ചെയ്തു. എന്നാൽ ദുർബലവിഭാഗങ്ങൾക്ക് കൈത്താങ്ങാകേണ്ട അഗതിരഹിതകേരളം പദ്ധതി നടപ്പാക്കിയില്ല.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിലെ നിർദ്ദേശങ്ങൾ പദ്ധതികളായി മാറിയെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ഡമ്പിംഗ് യാർഡ് രൂപീകരിക്കുകയോ ഹരിതകർമ്മസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക് കളക്ഷന് വി.ജി.എഫ് പ്രോജക്റ്റ് രൂപീകരിച്ച് നടപ്പാക്കുകയോ ചെയ്തിട്ടില്ല.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 58 പ്രവൃത്തികളിൽ 90% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ആസൂത്രണം ചെയ്ത 58 പ്രോജക്ടുകളിൽ 33 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഓരുമുട്ട് നിർമ്മാണം, മൃഗാശുപത്രി നവീകരണം, വിവിധ സ്കൂളുകളുടെ പുനരുദ്ധാരണം അങ്കണവാടികളുടെ നവീകരണം എന്നിവ പ്രത്യേക പരിഗണനയർഹിക്കുന്ന പ്രോജക്ടുകളായിരുന്നു.

പ്രോജക്ടുകളുടെ നിർവഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല.

<u>**പ്രോജക്ടുകളുടെ നിർവ്വഹണം വിനിയോഗ ലക്ഷ്യം കൈവരിച്ചില്ല – 8017511 രൂപ നഷ്ടപ്പെട്ടു.**</u>

തൻവർഷം വിവിധ ഫണ്ടിനങ്ങളിൽ ലഭ്യമായ അലോട്ട്മെന്റും യഥാർത്ഥ ചെലവും ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 15566000 | 14346357 | 1219643 |
| വികസനഫണ്ട് എസ്.സി.പി | 5441000 | 3728648 | 1712352 |
| വികസനഫണ്ട് റ്റി.എസ്.പി | 104000 | 100000 | 4000 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 3179000 | 2415197 | 763803 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9135293 | 4817580 | 4317713 |
| **ആകെ** | | | **8017511** |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ 26 പ്രോജക്ടുകൾ തൻവർഷം ക്യൂ ബില്ലായി. (ആകെ 21,41,309/- രൂപയുടെ ബില്ലുകൾ). ടി തുക യഥാർത്ഥത്തിൽ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് മാറാനാവുക. ഫലത്തിൽ തൻവർഷം 80,17,511 രൂപ ചെലവഴിക്കാതെ നഷ്ടമാവുകയും തൻവർഷം ചെലവഴിക്കേണ്ട 21,41,309/- രൂപ അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്ന് ചെലവഴിക്കേണ്ടിയും വരുന്നു. പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത പുലർത്തി വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ക്യാഷ് പരിശോധന

**മറവന്തുരുത്ത്** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന26.11.2019 തീയതിയിൽ 3.30 PM-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **2186/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-5 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണ്ണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15-ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലുള്ള എല്ലാ ഉപകരണങ്ങളുടെയും വിശദാംശം ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ എല്ലാ ഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് നമ്പർ നൽകേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ എണ്ണം, കൺസ്യൂമർ നമ്പർ, താരീഫ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് നടപടികൾ

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് കമ്മറ്റി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ ശരിയായവിധം പാലിച്ചിട്ടില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.5.19 | 3/2019 | 6.10.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.7.2014 | 2007-08 മുതൽ 2011-12 വരെ | LBA(HQ)II/I /8A-1819/J5 dtd .19.06.2012 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സർക്കാർ ഉത്തരവ് (എം.എസ്) 152/11/ത.സ്വ.ഭ.വ തീയതി 26.7.11 പ്രകാരം മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. (ബി 11 പട്ടികയിൽ ലാന്റ് ആസ്തി ഇനത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല).

2) വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

3) ഗുണഭോക്തൃവിഹിതമിനത്തിൽ ബി 4 ഷെഡ്യൂൾ പ്രകാരം 330550 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. ടി തുക 18-19 ൽ ചെലവഴിച്ചതാണെങ്കിലും നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4) ജോയിന്റ് വെഞ്ചർ പ്രോജക്ടുകളുടെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളിൽ ശരിയായി പ്രതിഫലിക്കുന്നില്ല.

5)എം.എൻ ലക്ഷംവീട് നവീകരണത്തിനായുള്ള അക്കൗണ്ടിൽ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 205472 രൂപയാണ്. എന്നാൽ RP40(b) പ്രകാരം നീക്കിയിരിപ്പ് 213746 രൂപയാണ്.

## 1-8 റീകൺസിലേഷൻ പത്രികയിലെ കളക്ഷൻ ആകാത്ത ചെക്കുകളുടെ ലിസ്റ്റിൽ തെറ്റായ രേഖപ്പെടുത്തലുകൾ കാണപ്പെടുന്നു.

67381645732 എന്ന അക്കൗണ്ടിന്റെ 2019 സെപ്റ്റംബർ മാസത്തെ റീകൺസിലേഷൻ പത്രികയിലെ കളക്ഷൻ ആകാത്ത ചെക്കുകളുടെ ലിസ്റ്റിൽ താഴെ പറയുന്ന തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | വൗച്ചർ തീയതി | തുക |
|---|---|---|---|
| 1 | 118050900057 | 10.10.18 | 19318 |
| 2 | 31700429 | 28.03.18 | 11300 |

പ്രസ്തുത തുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/03.12.19) മറുപടിയായി എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 19,318/- രൂപ (എം.ജി.എൻ.ആർ.ഇ.ജി.എസ്. വേലകളുടെ വാറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ തെറ്റായി നിക്ഷേപിച്ചത്) പലിശയെന്ന ധാരണയിൽ വീണ്ടും interest from bank acount എന്ന ഹെഡ്ഡിലേക്ക് തെറ്റായി രസീത് ചെയ്തതിനാലാണ് 19,318/- രൂപയുടെ രേഖപ്പെടുത്തൽ റീകൺസിലിയേഷനിൽ കാണപ്പെടുന്നതെന്നും പഞ്ചായത്തിലേക്ക് മൈക്ക് സെറ്റ് വാങ്ങിയതിന്റെ വൗച്ചർ അക്കൗണ്ടിംഗിലെ പിശക് മൂലം ക്യാൻസൽ ചെയ്തു പോയതിനാലാണ് 11,300/- രൂപയുടെ രേഖപ്പെടുത്തൽ റീകൺസിലിയേഷനിൽ പ്രതിഫലിക്കുന്നതെന്നും ജേണൽ എൻട്രികൾ പ്രകാരം തെറ്റ് തിരുത്തി 2019 ഡിസംബർ മാസത്തിലെ റീകൺസിലിയേഷനിൽ കൃത്യത വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 എെ.സി.ഡി.എസ്. അക്കൗണ്ട് ക്ലോസ് ചെയ്ത് തനത്ഫണ്ടിലേക്ക് മാറ്റിയിരിക്കുന്നു

എെ.സി.ഡി.എസ് ഫണ്ടുകളുടെ ഇടപാടുകൾ നടത്തുന്നതിനായി ആരംഭിച്ചിരുന്നതും ബാലൻസ് ഷീറ്റ് പ്രകാരം 2017-18 സാമ്പത്തിക വർഷം നിലവിലുണ്ടയിരുന്നതുമായ 67381163859 നമ്പർ അക്കൗണ്ട് 25.03.19 തീയതി ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തുക (220432 രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് (അക്കൗണ്ട് നം 67381645732) ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നു. സർക്കാരിൽ നിന്ന് പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭ്യമായ തുക സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് മാറ്റിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/03.12.19) ടി തുക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് സർക്കാരിലേക്ക് അടവാക്കാതിരുന്നതെന്നും ടി ഇനത്തിലുള്ള തുകയുടെ ബാധ്യത ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ നിലനിർത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിന്റെ കൈവശമുള്ള തുകയുടെ കണക്ക് കൃത്യമായി അറിയാൻ സാധിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് തനത്ഫണ്ടിൽ നിന്ന് റീഫണ്ട് ചെയ്ത തുകയാണെന്നുള്ള മറുപടി സാധൂകരിക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റുകളും

എെ.സി.ഡി.എസ്.സെൻട്രൽ ഷെയറിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നില്ലയെന്ന എെ.സി.ഡി.എസ്.സൂപ്പർവൈസറുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-10 ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (നമ്പർ 5/169 ബി, വിസ്തീർണ്ണം 4ച.മീ) വസ്തുനികുതി നാളിതു വരെ ഈടാക്കിയിട്ടില്ല. ഈയിനത്തിൽ 2013-14 സാമ്പത്തിക വർഷം മുതൽ 2018-19 വരെ 14833/- രൂപ കുടിശികയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് ഓഡിറ്റ് എൻക്വയറിക്ക് (31/03.12.19) മറുപടിയായി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ നികുതി ഒടുക്കാത്തതിനെ തുടർന്ന് വൈക്കം മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. കേസ് പൂർത്തിയാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഫോം-6 പ്രകാരം പ്രസ്തുത ടവറിന്റെ വിസ്തീർണ്ണം 4 ച.മീ ആണ്. പ്രസ്തുത രേഖപ്പെടുത്തലിന്റെ ആധികാരികത പരിശോധിക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറിന്റെ വിസ്തീർണ്ണം 4 ച.മീ കൂടുതലാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടാൽ ടവറിന്റെ വസ്തു നികുതി ഡിമാന്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കൂടിയ തുക ഈടാക്കേണ്ടതാണ്.

## 1-11 സഞ്ചയ - വസ്തുനികതി പ്യൂരിഫിക്കേഷൻ നടപടികളിൽ അപാകതകൾ

പഞ്ചായത്ത് ഡയറക്ടറുടെ 23.01.18ലെ സി3-6865/11 നമ്പർ സർക്കുലറിൽ വസ്തു നികുതി വിവരങ്ങൾക്കായുള്ള സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളിന്മേലുള്ള നിലവിലെ സ്ഥിതി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9) നാളിതുവരെ ശ്രദ്ധയിൽപ്പെട്ട അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പിന്നീട് ശ്രദ്ധയിൽപെട്ട ഒറ്റപ്പെട്ട അപാകതകൾ ശുദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ചില അപാകതകൾ കൂടി വ്യക്തമായിട്ടുണ്ട്.

1) കെട്ടിടങ്ങളുടെ ഉപയോഗക്രമം നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ കാണുന്നു. 15/555 D നമ്പർ കെട്ടിടം ലൈസൻസ് രജിസ്റ്റർ പ്രകാരം ക്യാന്റീൻ ആയി ആണ് ഉപയോഗിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആശുപത്രി എന്ന ഗണത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. 5/326 നമ്പർ കെട്ടിടം ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനായിട്ടാണ് ഉപയോഗിക്കുന്നതെങ്കിലും സഞ്ചയയിൽ ഉപയോഗക്രമം ഓഫീസ് ആവശ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് സഞ്ചയ അസസ്മെന്റിൽ നികുതി ഇളവ് നൽകിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉദാ. 6/69 A (മോട്ടോർ പുര).

3) ശ്രീ. സുനിൽ കുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 12/401 നമ്പർ കെട്ടിടം(12.8 ച.മീ) 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടക്കുവാൻ ബാധ്യസ്ഥരാണ്.എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ജീവനക്കാരുടെ തൊഴിൽ നികുതി**

| ക്രമ നം | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷ വർഷം |
|---|---|---|
| 1. | ഹരി വെൻഡിംഗ് വർക്ക്ഷോപ്പ്, പാലാംകടവ് | 2 |
| 2 | സി.വി.സി.എസ്.കെ.676, പാലാംകടവ് | 1,2 |
| 3. | സായ് വുഡ് ക്രാഫ്റ്റ്. | 1,2 |

**സ്ഥാപനതൊഴിൽ നികുതി**

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | സിവിസിഎസ്.കെ.676,പാലാംകടവ് | 2 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും അടവാക്കി വിവരം അറിയിച്ചുകൊള്ളാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്..

## 1-13 ലൈസൻസ് അനുവദിക്കൽ - നടപടിക്രമങ്ങളിൽ അപാകം

ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കുറെയധികം അപേക്ഷകളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്ന് എൻഒസി ഹാജരാക്കി ലൈസൻസ് കൈപ്പറ്റാവുന്നതാണെന്ന് സെക്രട്ടറി രേഖപ്പെടുത്തിയതായി കാണുന്നു. ടി അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ടിയാളുകൾ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുമുണ്ട്. ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് എൻഒസിയുടെ അഭാവത്തിൽ ലൈസൻസ് നൽകിയതിന്റെ ആധികാരികത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4) ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി കാലതാമസം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുമായി ചർച്ചകൾ നടത്തിയിട്ടും, ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടും യാതൊരുവിധ പരിഹാരങ്ങളും ഉണ്ടാകാതിരുന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി പഞ്ചായത്തിലെ ജീവനക്കാർ പരിശോധിച്ച് ലൈസൻസ് സമയബന്ധിതമായി നൽകണമെന്ന് തീരുമാനിച്ചതിന്റെയും നിർദ്ദേശിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയത് എന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതും ഉചിതമായ അധികാരസ്ഥാനത്ത് നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

## 1-14 റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതു സംബന്ധിച്ച്

2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നിവ ലൈസൻസില്ലാതെയും റേഷൻ കടകൾ തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിച്ചുവരുന്നതായി വ്യക്തമാകുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3-ന്റെ പട്ടിക I-ൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലൈസൻസും തൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-15 ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996- ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ പേര് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 7-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ലൈസൻസ് അനുവദിച്ചത് ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7) പുതിയ ചട്ടത്തിലെ പട്ടിക 2 ൽ പറയുന്ന മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് എന്നിങ്ങനെയുള്ള വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് നിലവിൽ ഫീസ് വാങ്ങുന്നതെന്നും ഭേദഗതി ഉത്തരവ് പ്രകാരം കമ്മറ്റിയുടെ അംഗീകാരം വാങ്ങിക്കൊള്ളാമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡി & ഒ ലൈസൻസ് സംബന്ധിച്ച് 31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ ക്യാന്റീൻ | 24 (13 പേരുടെ അടവാക്കിയിട്ടുണ്ട്.) |
| 2. | ചെറിയാൻ മൊസൈക്സ്, കെ.എസ്.മംഗലം | 5 |
| 3. | ദേവി വുഡ്സ്, കെ.എസ്.മംഗലം | 2 |
| 4 | സുമിൻ ഇൻഡസ്ട്രീസ്, മറവൻതുരുത്ത് | 5 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12) ലഭ്യമാക്കിയ മറുപടി പ്രകാരം ജീവനക്കാരുടെ നികുതി ഈടാക്കി വിവരം അറിയിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 തടികൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള കോമ്പൗണ്ടുകളിൽ നിൽക്കുന്ന തടികൾ ലേലം ചെയ്യാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് കമ്മറ്റി | തീരുമാനം |
|---|---|---|
| 1 | 11.4.18 ലെ 17 | പഞ്ചായത്ത് കോമ്പൗണ്ടിലെ മഹാഗണി മരം പുനർലേലം ചെയ്യാൻ തീരുമാനിച്ചു. |
| 2 | 14.8.18 ലെ 22<br>7.9.18 ലെ 3 | കൃഷി ഓഫീസിൽ അപകടകരമായി നിൽക്കുന്ന തേക്ക് മരം മുറിച്ച് മാറ്റാനും സോഷ്യൽ ഫോറസ്റ്ററിയിൽനിന്ന് വാല്യുവേഷനെടുക്കാനും കൃഷി ഓഫീസറെ ചുമതലപ്പെടുത്തി. |
| 3 | 22.9.18 ലെ 12(2) | പി.എച്ച്.സി.ക്ക് കെട്ടിടം പണിയുന്നതിന് തടസ്സമായി നിന്ന വലിയ പാഴ്മരം മുറിച്ച് മാറ്റാനും സോഷ്യൽ ഫോറസ്റ്ററിയിൽ നിന്ന് വാല്യുവേഷനെടുക്കാനും തീരുമാനം. |

മേൽ സൂചിപ്പിച്ചിരിക്കുന്ന കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച് 25.11.19 ൽ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നമ്പർ 1).

എൻക്വയറിക്കുള്ള മറുപടിയിൽ മഹാഗണി മരത്തിന് 1,12,326/- രൂപയാണ് സോഷ്യൽ ഫോറസ്റ്ററിയിൽനിന്ന് വാല്യുവേഷൻ ലഭിച്ചത് എന്നും 12.2.18, 15.3.18 തീയതികളിൽ ലേലം വിളിച്ചെങ്കിലും ടി തുകയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറായില്ല എന്നതിനാൽ വാല്യുവേഷൻ കുറച്ച് നൽകാൻ 18.6.18 ൽ സോഷ്യൽ ഫോറസ്റ്ററിക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിച്ചില്ലെന്നാണ് സെക്രട്ടറി അറിയിച്ചത്.

കൃഷി ഓഫീസിലെ തേക്ക്മരം സംബന്ധിച്ചും, പി.എച്ച്.സി യിലെ പാഴ്മരം മുറിച്ച് മാറ്റുന്നത് സംബന്ധിച്ചും തുടർനടപടികൾ സ്വീകരിക്കുമെന്നാണ് സെക്രട്ടറി മറപടി നൽകിയത്. അപാകതകൾ പരിഹരിച്ച് മരങ്ങൾ ലേലം ചെയ്ത ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഇ ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില(12 % ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 110/18-19 | മുട്ടത്തുകുളം സംരക്ഷണം | 2 | 1567 | 3134 |
| 2 | 94/18-19 | തോടുകളുടെ ആഴം കൂട്ടൽ | 2 | 1568 | 3136 |
| | | | ആകെ | | 6270 |

മേൽ സൂചിപ്പിച്ച തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമാക്കാൻ

ശ്രമിക്കേണ്ടതും ജി.എസ്.റ്റി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തിൽ തിരികെ അടയ്ക്കേണ്ടതുമാണ്.

### 1-19 വാഹനത്തിന്റെ സർവീസ് -ക്വട്ടേഷൻ, ക്ഷണിച്ചതിന്റെയും ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതിന്റെയും രേഖകൾ ലഭ്യമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പിന്റെ (KL 36-7595) സർവീസിംഗ്, അറ്റകുറ്റപ്പണി എന്നിവ ടി.വി.എസ് & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, ചേരാനെല്ലൂർ, ഇടപ്പള്ളി എന്ന സ്ഥാപനം മുഖേന നടത്തിയതിന് നാല് തവണകളായി (മെയ്, സെപ്റ്റംബർ, ഒക്ടോബർ, ജനവരി) 33885/-രൂപ (8412+7639+9981+499+7354=33885 (വൗച്ചർ നം.21800165/16.05.18, 21800635/25.09.18, 21800713/12.10.18, 21801067/11.01.19, 21801071/14.01.19) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മെയ് മാസത്തിൽ വാഹനത്തിന്റെ സർവീസിംഗ് നടത്തുന്നതിന് 22.05.2018-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചെങ്കിലും (തീരുമാനം നം.19) ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണിക്ക് വീണ്ടും 22.09.2018 മൈ മെക്കാനിക്ക് ഏറ്റുമാനൂർ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകുന്നതിന് തീരുമാനം എടുത്തിരുന്നു. ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. (ജി.ഒ.(എം.എസ്.)170/07 ത.സ്വ.ഭ.വ. 30.06.2007 നമ്പർ ഉത്തരവ് പ്രകാരം രണ്ടായിരം രൂപയിൽ അധികരിക്കാത്ത മൈനർ സ്വഭാവത്തിലുള്ള അറ്റകുറ്റപ്പണിയും റിപ്പയറും ക്വട്ടേഷൻ ഇല്ലാതെ പ്രസിഡന്റിന്റെ അനുമതിയോടുകൂടി ചെയ്യാവുന്നതാണ്. രണ്ടായിരം രൂപ മുതൽ പതിനായിരം രൂപ വരെയുള്ള അറ്റകുറ്റപ്പണി ക്വട്ടേഷൻ ഇല്ലാതെ പഞ്ചായത്ത് ഭരണസമതിയുടെ അനുമതിയോടെ സർക്കാർ അംഗീകൃത വർക്ക് ഷോപ്പുകളിൽ ചെയ്യാവുന്നതും അംഗീകാരമില്ലാത്ത വർക്ക് ഷോപ്പുകളിൽ ഒരേ സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ച് ഭരണസമതിയുടെ അനുമതിയോടുകൂടി ചെയ്യാവുന്നതുമാണ്. പതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ പണികളും ഭരണസമതിയുടെ അംഗീകാരത്തോടു കൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽമാത്രം ചെയ്യേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞിരിക്കുന്ന അറ്റകുറ്റപണികൾ, സർവീസിംഗ് എന്നിവ നടത്തുന്നതിന് ഭരണസമതിയുടെ അനുമതി ലഭിച്ചതിന്റെയും, ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവയും ലഭ്യമല്ല. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മേൽ പറഞ്ഞിരിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കമ്മറ്റി തീരുമാനങ്ങൾ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ, പണി സംബന്ധിച്ച് വിശദാംശങ്ങൾ എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ വൗച്ചർ പരിശോധനയിൽ ഈ വിശദാംശങ്ങൾ ലഭ്യമല്ല. അതിനാൽ വാഹനത്തിന്റെ അറ്റകുറ്റപണിക്ക് ചെലവഴിച്ച 33,885/-രൂപ തടസപ്പെടുത്തുന്നു.

### 1-20 മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തൻവർഷം 15 വാർഡുകൾക്കായി 225000/- (150000 + 75000 = 225000/-) (ചെക്ക് നം.787227/07.06.2018) മെഡിക്കൽ ഓഫീസറുടെ പേരിലുള്ള എസ്.ബി.ഐ.യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.67381645732). (ശുചിത്വ മിഷനിൽ നിന്നും വാർഡ് ഒന്നിന് 10000/-രൂപ വീതം തനത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 5000/- രൂപ വീതവും). വിവിധ വാർഡുകളുടെ പ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർ ചെയർമാനും ജെ.പി.എച്ച്.എൻ. കൺവീനറുമായ അക്കൗണ്ടുകളിലേക്ക് തുക മെഡിക്കൽ ഓഫീസർ മാറി നൽകിയിട്ടുണ്ട്. ലഭിച്ച തുക ഉപയോഗിച്ച് 13 വാർഡുകളിൽ റോഡിൽ വെള്ളക്കെട്ടുള്ള ഭാഗത്ത് മണ്ണ് ഫില്ലിംഗ്, ഡ്രയിനേജ് പരിഹരിക്കുന്നതിന് റോഡിന് കുറുകെ പൈപ്പിടൽ, നടപ്പാത പൂഴിവിരിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത് എന്ന് വാർഡ് സമിതി ഹാജരാക്കിയ വൗച്ചർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ 22.01.2018 ലെ 17/ഡിസി1/

2018തസ്വഭവ, 28.04.2018ലെ 233/ഡിസി1/2018 തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഈ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്ക് വാർഡ് തലത്തിൽ ആസൂത്രണ പരിപാടികൾ സംഘടിപ്പിക്കണം. പരിശീലന പരിപാടികൾ, ആരോഗ്യ ശുചിത്വ പോഷകസമതി സംഘടിപ്പിച്ച് ബോധവത്ക്കരണ ശിൽപ്പശാലകൾ, വാർഡുതല ശുചിത്വമാപ്പിംഗ്, ശുചിത്വതല സ്ക്വാകാഡുകൾ രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതുമാണ്. സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. തുടർവർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് 15 വാർഡുകളിൽ ചെലവഴിക്കുന്നതിനാണ് 225000/-രൂപ നൽകിയത്. എന്നാൽ 5, 10 വാർഡുകളിൽ തൻവർഷം തുക ചെലവഴിച്ചതിന്റെ രേഖകൾ, വൗച്ചറുകൾ എന്നിവ ലഭ്യമായില്ല. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-34) ലഭിച്ച മറുപടിയിൽ 10-ാം വർഡിൽ ലഭിച്ച 15,000/- രൂപയിൽ 2,800/- രൂപ 2018-19 വർഷത്തിലും, 4,000/- രൂപ 2019-20 വർഷത്തിലും ചെലവഴിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. 5-ാം വാർഡിൽ ലഭിച്ച തുക 2019-20 വർഷത്തിൽ ചെലവഴിച്ചതായും മറുപടി ലഭിച്ചിട്ടുണ്ട്. ഹാജരാക്കിയ പ്രസ്തുത വാർഡുതല സമിതികളുടെ പാസ്ബുക്ക് പരിശോധനയിൽ തൻവർഷം 15,000/- രൂപ വീതം ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ഇല്ല. തുകകൾ വാർഡുതല അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. 15,000/- രൂപ വീതം 5, 10 വാർഡുകളുടെ വാർഡുതല ശുചിത്വ കമ്മറ്റികളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചതിന്റെയും ആയത് ചെലവഴിച്ചതിന്റെയും വ്യക്തമായ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് വേളയിൽ 2018-19ൽ 2 വാർഡുകളിലേക്കായി 30,000/- രൂപ കൈമാറിയ രേഖകൾ പാസ്ബുക്ക് സഹിതം ബോദ്ധ്യപ്പെടുത്താനാവാത്തതിനാൽ ടി ഇനത്തിലുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി വരവുചെലവ് വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വിവിധ കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ ജനറൽ കമ്മിറ്റിയിലെടുത്ത വിവിധ കമ്മറ്റികളിലെ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെയോ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെയോ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്മറ്റിയുടെ തീയതി, തീരുമാന നമ്പർ | തീരുമാനം |
|---|---|---|
| 1 | 11.4.18 ലെ 13 | കെ.എസ് മംഗലം വില്ലേജിൽ സർവ്വേ നമ്പർ 19/9 ൽ പെട്ട 1.5 ആർ വസ്തുവും 2.77 ആർ വസ്തുവും ഗ്രാമപഞ്ചായത്തിന് കൈമാറാൻ പാലാ റവന്യൂഡിവിഷണൽ ഓഫീസർ ഉത്തരവിട്ടു. ടി സ്ഥലങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിലാക്കുന്നതിനുള്ള നടപടികൾക്ക് എ.ഇ.യെ ചുമതലപ്പെടുത്തി. |

| | | |
|---|---|---|
| 2 | 4.5.17 ലെ 17 | രണ്ടാം വാർഡിലെ റോഡിന് സ്ഥലം വിട്ട് തന്ന സതീശൻ ദേവസ്വംകരി മുതൽ 5 പേരുടെ കൺസെന്റ് ഫോം അംഗീകരിച്ചു. തുടർനടപടികൾക്കായി റവന്യൂ അധികാരികൾക്ക് കൈമാറാൻ തീരുമാനിച്ചു. |
| 3 | 2.6.18 ലെ 7(2) | പന്ത്രണ്ടാം വാർഡിലെ പുതുക്കളം ചാണിയിൽ റോഡും പരേപ്പടം കോളനിയിലേക്കുള്ള നടപ്പാതയും ആസ്തിയിലാക്കാൻ എ.ഇ.യെ ചുമതലപ്പെടുത്തി. |
| 4 | 27.6.18 ലെ 6(2) | ഏഴാം വാർഡിലെ പാലാംകടവ് ഓപ്പൺ സ്റ്റേജ് നിർമ്മിക്കാൻ കണ്ടെത്തിയ സർവ്വേ നമ്പർ 7/3-ൽ പെട്ട 2 സെന്റ് സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്താൻ തീരുമാനം. |
| 5 | 27.6.18 ലെ 9 | പതിനഞ്ചാം വാർഡിലുള്ള 44-ാം നമ്പർ അങ്കണവാടിക്ക് ശ്രീ.ചാക്കോ പുത്തൻതറ വിട്ടുതന്ന സർവ്വേ നമ്പർ 90/4 ൽ പെട്ട .0121 ഹെക്ടർ വസ്തു ആസ്തിയിലാക്കാൻ എ.ഇ. യെ ചുമതലപ്പെടുത്തി. |
| 6 | 27.6.18 ലെ 13(1) | മാധവപ്രഭു റോഡിനായി വിട്ടുതന്ന 92/1 എ, 94/1,91/13 എ,91/8 സർവ്വേ നമ്പരുകളിൽ പെട്ട വസ്തു ആസ്തിയിലാക്കാൻ എ.ഇ.യെ ചുമതലപ്പെടുത്തി. |
| 7 | 27.6.18 ലെ 15 | പതിനാറ് പറ പാടശേഖരത്തിന് മോട്ടോർ പുര പണിയാൻ വിട്ടുതന്ന സർവ്വേ നമ്പർ 51/12 ൽ പെട്ട 30 m2 സ്ഥലം പഞ്ചായത്തിൽ ആസ്തിയിലാക്കുന്നതിനുള്ള നടപടികൾക്ക് എ.ഇ.യെ ചുമതലപ്പെടുത്തി. |
| 8 | 27.6.18 ലെ 38 | വാടാച്ചിറ കോളനിയുടെ സമീപമുള്ള സർവ്വേ നമ്പർ 105/6 ൽ പെട്ട 21.71 ആർ, സർവ്വേ നമ്പർ 104/6 ൽ പെട്ട 20.64ആർ പുറമ്പോക്ക് സ്ഥലം ആസ്തിയിലാക്കാൻ എ.ഇ യെ ചുമതലപ്പെടുത്തി. |
| 9 | 23.7.18 ലെ 12 | കണ്ണംകുളത്ത് ഉക്കപാലം പഞ്ചായത്തിന് വിട്ടുകിട്ടാൻ റവന്യൂവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. |
| 10 | 14.8.18 ലെ 17(1) | കുലശേഖരമംഗലം വില്ലേജിൽ 11/12 ബി യിൽപെട്ട 7 സെന്റ് സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ തഹസിൽദാരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 11 | 21.12.18 ലെ 7 | പതിനൊന്നാം വാർഡിൽ സുരേഷ് കുമാർ, ശ്രീലക്ഷ്മി സർവ്വേ നമ്പർ 72/17-2 ൽ പെട്ട സ്ഥലം അംഗനവാടിക്ക് വിട്ട് നൽകാൻ സമ്മതിച്ചു. |

| | | |
|---|---|---|
| | | പഞ്ചായത്തിന്റെ ആസ്തിയാക്കാൻ തീരുമാനിച്ചു. |
| 12 | 7.1.19 ലെ 17 | പത്താം വാർഡിൽ അർത്തി തോട് ആറ്റുവേലക്കടവ് വഴിക്ക് വേണ്ടി സുകുമാരൻ ചന്ദ്രാഴത്ത് മഠത്തിൽ മുതൽ 17 പേർ ഭൂമി വിട്ടുനൽകാൻ അപേക്ഷ നൽകി. |
| 14 | 27.6.18 ലെ 18 | 100 വർഷം പഴക്കമുള്ള മറവൻതുരുത്ത് യു.പി സ്കൂൾ പഴയ കെട്ടിടം ജീർണ്ണാവസ്ഥ മൂലം പൊളിച്ച് മാറ്റാൻ വാല്യുവേഷനെടുക്കാൻ എ.ഇ യെ ചുമതലപ്പെടുത്തി. |

ഇതു സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 10 ൽ സൂചിപ്പിക്കുന്ന സർവ്വേ നമ്പർ 11/12 ൽ പെട്ട സ്ഥലവുമായി ബന്ധപ്പെട്ട് നിലവിൽ ബഹു.വൈക്കം മുൻസിഫ് കോടതിയിൽ കേസുള്ളതിനാൽ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചില്ല എന്നാണ് സെക്രട്ടറി മറുപടി നൽകിയത്.

മറ്റ് ആസ്തികളുടെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിന്റെ പേരിലേക്കാക്കാനായി വില്ലേജ് ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ക്രമനമ്പർ 14 പ്രകാരമുള്ള കെട്ടിടത്തിന്റെ വാല്യുവേഷനെടുക്കാൻ എ.ഇ ക്ക് വീണ്ടും കത്ത് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.

കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പൂർണ്ണമായ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 മാർഗ്ഗ രേഖയിലില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നമ്പർ | 47/19, എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ | 150000(വികസനഫണ്ട്) |
| ചെലവ് | 150000(വികസനഫണ്ട്) |
| ബിൽ നമ്പർ,തീയതി | 7/18-19,21.12.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി. വിഭാഗത്തിൽപ്പെട്ട 40 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുകയായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച Box trade Pvt Ltd, Vyttila എന്ന സ്ഥാപനമാണ് സൈക്കിളുകൾ വിതരണം ചെയ്തത്. 19 ആൺകുട്ടികൾക്കും (3700 രൂപ നിരക്കിൽ) 21 പെൺകുട്ടികൾക്കും (3800 രൂപ നിരക്കിൽ) സൈക്കിൾ വിതരണം ചെയ്തു ( ഇൻവോയ്സ് നമ്പർ 1824/4.12.18).

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ സൈക്കിളുകൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. മേൽ സൂചിത ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബിസിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നമ്പർ 5). വാഹന സൗകര്യം കുറവുള്ള ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കിയതെന്നും ആയതിന് ഡി.പി.സി.യും വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകുകയും ചെയ്തെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ഉചിതമായ അധികാരസ്ഥാനത്തുനിന്ന് സാധൂകരണം ലഭ്യമാക്കുന്നതിന് ഭരണസമിതി തലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്. ആയതിലേക്കായി 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-23 പഞ്ചായത്ത്തല സ്കോളർഷിപ് - പ്രോജക്ടിലെ അപാകതകൾ

പ്രോജക്ട് നം 25 /18-19 - പഞ്ചായത്ത്തല സ്കോളർഷിപ്പ്
ചെലവ് - 100000 രൂപ (വികസനഫണ്ട് പൊതു വിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ പഞ്ചായത്ത്തല സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി പരീക്ഷകൾ നടത്തി മികച്ച വിജയം നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുകയെന്ന രീതിയിൽ ആവിഷ്കരിച്ച പ്രോജക്ടാണിത്. 14.02.2018ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി മാർഗരേഖയിൽ ഇപ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഒരു പ്രോജക്ട് നിർദ്ദേശിച്ചിട്ടില്ലാത്തതാണ്. പരാമർശിത ഉത്തരവിലെ ഖണ്ഡിക 2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇപ്രകാരം അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 04.12.19 തീയതിയിൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ പ്രസ്തുത വിഷയം അവതരിപ്പിച്ചപ്പോൾ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം നൂതന പ്രോജക്ട് എന്ന നിലയിൽ നടപ്പാക്കിയ പ്രോജക്ടാണിതെന്നും വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും മികച്ച പ്രതികരണമുണ്ടായതിനാൽ പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായുള്ള സർക്കാർ നയത്തിന്റെ ഭാഗമായാണ് ഈ വർഷവും പ്രോജക്ട് നടപ്പാക്കിയതെന്നും പ്രോജക്ട് മികച്ച രീതിയിൽ നിർവ്വഹിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നിർവ്വഹിച്ച സാഹചര്യത്തിൽ ചെലവ് (1,00,000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 23/18-19 അമ്മ മധുരം - ഗവ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണ പ്രോജക്ടിൽ എയ്ഡഡ് സ്കൂളുകളെയും ഉൾപ്പെടുത്തിയിരിക്കുന്നു

ചെലവ് 100000 (വികസനഫണ്ട് - ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 11/2018/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 7.6.7, 7.8.3.2(i) എന്നിവ പ്രകാരം സർക്കാർ സ്കൂളുകളിൽ ഏഴാം ക്ലാസ്സ് വരെയുള്ള അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യാവുന്നതാണ്. എന്നാൽ മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ അമ്മ മധുരം പ്രോജക്ട് പ്രകാരം എസ്.എൻ.എൽ.പി.എസ്, എൻ.എൈ.എം.യു.പി.എസ് എന്നീ എയ്ഡഡ് സ്കൂളുകൾക്ക് യഥാക്രമം 2,30,124/- രൂപയും 92,808/- രൂപയും നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ചെലവഴിക്കേണ്ടിയിരുന്ന തുക ഇപ്രകാരം എയ്ഡഡ് സ്കൂളുകൾക്കായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/03.12.19) മറ്റു ചില പഞ്ചായത്തുകൾ പ്രഭാത ഭക്ഷണ പ്രോജക്ടുകളിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തുന്നതായി അറിഞ്ഞതിനാലാണ് ഇപ്രകാരം പ്രോജക്ട് നിർവ്വഹിച്ചതെന്ന് മറുപടി നൽകി. പ്രസ്തുത വിഷയം 04.12.19 ലെ എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം വിജയപുരം ഗ്രാമ പഞ്ചായത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പ്രോജക്ടിന് (എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തിയത്) കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചെന്നും 2019-20 സാമ്പത്തിക വർഷം പ്രഭാത ഭക്ഷണ പ്രോജക്ടുകളിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി ലഭിച്ചതായും പ്രോജക്ട് മികച്ച രീതിയിൽ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരവും പ്രത്യേകാനുമതിയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമാണ് ബാധകമാവുക എന്ന് സ്പഷ്ടീകരിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആവശ്യം പൂർണ്ണമായി നിർവ്വഹിച്ചതിന് ശേഷമാണോ എയ്ഡഡ് സ്കൂളുകളിലെ പ്രഭാതഭക്ഷണപദ്ധതി ഏറ്റെടുത്തതെന്ന് വ്യക്തമല്ല. വിശദാംശങ്ങളും അനുമതി രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-25 പി.എച്ച്.സി. ലാബിലേക്കും ഫാർമസിയിലേക്കും എ.സി- ടെണ്ടർ ക്ഷണിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 91/19,പി.എച്ച്.സി ലാബിലേക്കും ഫാർമസിയിലേക്കും എ.സി |
| അടങ്കൽ | 15000(തനത്ഫണ്ട്)<br>75000(റോഡിതരം) |
| ചെലവ് | 11200(തനത്ഫണ്ട്)<br>75000(റോഡിതരം) |
| ബിൽ നമ്പർ,തീയതി | 27/18-19, 21.2.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച് സി |

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സി, ഫാർമസി എന്നിവടങ്ങളിലേക്ക് എ.സി. വാങ്ങി നൽകിയിട്ടുണ്ട്. FAITH air conditioning service തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നാണ് 86,200/- രൂപ ചെലവഴിച്ച് എ.സി.വാങ്ങിയത് (ഇൻവോയ്സ് നമ്പർ എഫ്.എ.എസ് 70/18-19 തീയതി 11.2.19). ജി.ഒ(പി) 259/10/ ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം 25000 മുതൽ 100000 രൂപ വരെ ചെലവുള്ള പർച്ചേസുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. അതായത് കുറഞ്ഞത് 8-10 പേരിൽ നിന്നും (കുറഞ്ഞത് 5) മൽസരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കണമെന്നും 4 മുതൽ 6 വരെ മൽസരാധിഷ്ഠിത ടെണ്ടർ ഉറപ്പാക്കണമെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ അംഗീകൃത കരാറുകാർക്കോ വിതരണക്കാർക്കോ ടെണ്ടർ രേഖകൾ

അയച്ചുകൊടുത്തതായും ടെണ്ടർ നടപടികൾ സ്വീകരിച്ചതായും ഫയലിൽ കാണുന്നില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15)മറുപടി ലഭ്യമായില്ല. അതിനാൽ 86,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 പി.എച്ച്.സി ക്ക് സോളാർ പാനൽ- കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിസിറ്റി ശൃഖലയുമായി ബന്ധിപ്പിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 93/19,പി.എച്ച്.സി ക്ക് സോളാർ പാനൽ |
| അടങ്കൽ | 380800(റോഡിതര സംരക്ഷണഗ്രാന്റ് ) |
| ചെലവ് | 380800 |
| ബിൽ നമ്പർ,തീയതി | 18-19 ൽ ക്യൂ ബിൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

6KW ON GRID സോളാർ പാനൽ കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും അതുവഴി ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ നിരക്ക് ക്വോട്ട് ചെയ്ത എക്കോമേറ്റ് എനർജി സൊലൂഷൻ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. സ്ഥാപനവുമായി 5.2.19 ൽ കരാറിലേർപ്പെടുകയും സോളാർ പാനലിന്റെ ഇൻസ്റ്റലേഷന് ശേഷം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുമായി 8.7.19-ൽ കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ നാളിതുവരെ എത്രമാത്രം വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നതിന്റെയും ഓൺഗ്രിഡിൽ വിതരണ ശൃംഖലയിലേക്ക് കൈമാറിയെന്നതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. പ്രസ്തുത പ്രോജക്ട് മൂലം പി.എച്ച്.സി യുടെ വൈദ്യുതി ഉപഭോഗത്തിലും ചാർജിലും കുറവ് ഉണ്ടായതായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-27 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - വാഹനഉപയോഗം - ചെലവ് രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S064/19 |
| പ്രോജക്ടിന്റെ പേര് | ആശ്വാസകിരണം |
| അടങ്കൽ | 500000/- (പൊതുവിഭാഗം) |
| ചെലവ് | 408650 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000/- |
| ചെലവ് | 100000/- |

സ.ഉ.(സാധാ)നം.3217/15 തീയതി 29.10.15 ഖണ്ഡിക 2.6.5(3) പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി താഴെ കൊടുക്കുന്ന പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.

| ഓടുന്ന ദൂരം (up and down) | 15-24 കിമീ | 25-34 കി.മീ | 35-44 കി.മീ | 45 കി.മീ ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

എന്നാൽ മറവൻതുരുത്ത് പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ചെലവ് വൗച്ചറുകളും പരിശോധിച്ചതിൽ യഥാർത്ഥ ദൂരം കണക്കാക്കാതെ പാലിയേറ്റീവ്

പ്രവർത്തനങ്ങൾക്കായി വാഹനം സഞ്ചരിക്കുന്ന എല്ലാ ദിവസവും 1250/- രൂപ വീതം വാഹന വാടകയിനത്തിൽ ലിജോ എം.ജോർജ്ജ് എന്നയാളുടെ അക്കൗണ്ടിലേക്ക് (നം.6704679319 എസ്.ബി.ഐ) നൽകുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ബില്ലിന്റെ വിശദാംശങ്ങൾ | വാഹന വാടക (1250 രൂപ/ദിവസം) | പരമാവധി തുകയിൽ ലിമിറ്റ് ചെയ്യാതെ അധികം നൽകിയത് |
|---|---|---|---|
| 1 | ബിൽ നം.03/18-19 തീയതി-14.05.18, തുക-25200 രൂപ | 12500 (10x1250) | 1500 |
| 2 | ബിൽ നം.05/18-19 തീയതി-14.06.18, തുക-26700 രൂപ | 13750/-(11X1250) | 1650 |
| 3 | ബിൽ നം.06/18-19 തീയതി-12.07.18, തുക-28200 രൂപ | 15000(12x1250) | 580 |
| 4 | ബിൽ നം.08/18-19 തീയതി-14.08.18, തുക-56300 രൂപ | 16250(13x1250) | 1950 |
| 5 | ബിൽ നം.09/18-19 തീയതി-12.09.18, തുക-28,200 രൂപ | 15000(12x1250) | 1800 |
| 6 | ബിൽ നം.15/18-19 തീയതി-12.10.18, തുക-29,700 രൂപ | 16250(13x1250) | 1950 |
| 7 | ബിൽ നം.16/18-19 തീയതി- | 15000(12x1250) | 1800 |

| | | | |
|---|---|---|---|
| | 15.11.18, തുക-52,400 രൂപ | | |
| 8 | ബിൽ നം.19/18-19 തീയതി-11.12.18, തുക-30,200രൂപ | 16250(13x1250) | 1950 |
| 9 | ബിൽ നം.20/18-19 തീയതി-16.01.19, തുക-26,700 രൂപ | 13750(11x1250) | 1650 |
| 10 | ബിൽ നം.24/18-19 തീയതി-13.02.19, തുക-25,200 രൂപ | 12250(10X1250) | 1500 |
| 11 | ബിൽ നം.28/18-19 തീയതി-07.03.19, തുക-55,850 രൂപ | 17500(14X1250) | 2100 |
| 12 | ബിൽ നം.36/18-19 തീയതി-25.03.19, തുക-24,000 രൂപ | 1800 (1 day) | 700 |
| | | ആകെ | 19130 |

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ അധികമായി ചെലവഴിച്ച 19,130/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓരോ ദിവസവും വാഹനം സഞ്ചരിക്കുന്നതിന്റെ ട്രിപ്പ് ഷീറ്റ് സൂക്ഷിക്കേണ്ടതും ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം നീക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-28 പി.എച്ച് .സി കുലശേഖരമംഗലം സബ് സെന്റർ- പൊതുസ്ഥലത്ത് കുടി വഴി നൽകേണ്ടി വരുന്നത് - കേസിന്റെ തുടർനടപടി വിവരം ലഭ്യമല്ല

മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ പ്രാഥമികാരോഗ്യകേന്ദ്രം കുലശേഖരമംഗലം സബ് സെന്റർ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമാണ്. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത്

സബ്സെന്ററിന് ചുറ്റുമതിൽ കെട്ടി നൽകിയിരുന്നു. എന്നാൽ ബഹു. വൈക്കം മുൻസിഫ് കോടതിയുടെ ഒ.എസ് 37/1987 നമ്പർ കേസിന്റെ ന്യായവിധി പ്രകാരം തങ്ങൾക്ക് അനുകൂലമായി സബ് സെന്ററിന്റെ പ്ളോട്ടിന് നടുവിലൂടെ അനുവദിച്ച വഴിയടച്ചതിനെതിരെ ചീഫ് സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ, അസി.എഞ്ചിനീയർ (ബിൽഡിംഗസ്) വൈക്കം, ചാണ്ടി തോമസ്, പള്ളിപ്പുറം (കോൺട്രാക്ടർ) എന്നിവരെ യഥാക്രമം 1,2,3,4 എതിർ കക്ഷികളാക്കി ശ്രീമതി കാവമ്മ, അനുപമ നിവാസ്, തേവലക്കാട് (മരണമടഞ്ഞു, നിലവിൽ തങ്കമണി രാജനാണ് പ്ളോട്ടിന്റെ അവകാശത്തർക്കത്തിൽ കേസ് നടത്തുന്നത്) കേസ് ഫയൽ ചെയ്യുകയും വിധി സമ്പാദിക്കുകയും ചെയ്തതായി ഫയലിൽ കാണുന്നു. 2017-18 സാമ്പത്തിക വർഷം 105/18 എന്ന പ്രോജക്ട് പ്രകാരം ചുറ്റുമതിൽ കെട്ടുമ്പോൾ പുറകിലുള്ള വീട്ടുകാർക്ക് പ്ളോട്ടിന്റെ ഒരു വശത്തുകൂടി വഴി മാറ്റി വെച്ചിരിന്നുവെന്ന് 2.6.18 ലെ 18(1) നമ്പർ പഞ്ചായത്ത് കമ്മറ്റിത്തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കോടതി വിധി പ്രകാരം വഴി നൽകുകയാണെങ്കിൽ സബ് സെന്ററിന്റെ പ്ളോട്ട് രണ്ടായി മുറിഞ്ഞ് പോകുമെന്നും ആയത് പി.എച്ച്.സെന്ററിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്നും കമ്മറ്റി വിലയിരുത്തുകയും നിലവിലുള്ള കേസിൽ കക്ഷിചേരാൻ തീരുമാനിക്കുകയും ചെയ്തു. അഡ്വ.സുഭാഷ് ചന്ദ്രൻ, സൂര്യദേവ, ബ്രഹ്മമംഗലം എന്നയാളെ വക്കാലത്ത് ഏൽപ്പിക്കുകയും ചെയ്തു. ചെക്ക് നമ്പർ 6137/23.10.18 പ്രകാരം 1500/- രൂപ വക്കീൽ ഫീസ് നൽകുകയും ചെയ്തു (സ്യൂട്ട് രജിസ്റ്റർ പേജ് നമ്പർ 17 ). എന്നാൽ കേസിന്റെ നിലവിലെ അവസ്ഥ സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ 24) കേസിൽ തുടർ നടപടികളായിട്ടില്ലെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ആയുർവ്വേദ ആശുപത്രിക്ക് ഔഷധസസ്യത്തോട്ടം തുടർ പരിപാലനം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | S083/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| അടങ്കൽ | 50,000/- (പൊതുവിഭാഗം) |
| ചെലവ് | 50,000/- |
| ബിൽ നം. | 7/18-19/23.03.19 |

2018-19 സാമ്പത്തികവർഷത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവ്വേദ ആശുപത്രിക്ക് ഔഷധസസ്യത്തോട്ടം എന്ന പ്രോജക്ടിൽ 100 ഔഷധസസ്യങ്ങളാണ് ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിൽ താൽക്കാലിക മിശ്രിതപോർട്ടലിൽ സൂക്ഷിച്ചിരിക്കുന്നത്. കുറഞ്ഞ ടെൻഡർ നിരക്ക് സമർപ്പിച്ച Rayirath Garden, Thrisur എന്ന സ്ഥാപനത്തിൽ നിന്നാണ് ഔഷധസസ്യങ്ങൾ വാങ്ങിയത്(ഇൻവോയ്സ് നം.4052/12.3.19 -36000രൂപ). ഔഷധസസ്യങ്ങൾ ഗ്രീൻ ഹൗസിൽ താൽക്കാലികമായി സംരക്ഷിച്ചതിന് 14000/- രൂപയും ചെലവഴിച്ചിട്ടുണ്ട് (19-20 ൽ 4000 രൂപയും). നിലവിൽ താൽക്കാലിക പോർട്ടിംഗ് മിശ്രിത പോട്ടിൽ സ്ഥാപിച്ചിരിക്കുന്ന ഭൂരിഭാഗം ചെടികളും വളർച്ചാ ഘട്ടത്തിലായതിനാൽ ആവശ്യമായ പോഷണമില്ലാത്തതിനാൽ ഇലകൾ മഞ്ഞനിറത്തിലായി നശിക്കുന്ന അവസ്ഥയിലാണ്. ഗ്രാസ്സ് വിഭാഗത്തിലുള്ള സസ്യങ്ങളുടെ വേര് ഉണങ്ങിയ അവസ്ഥയിലുമാണ്. പുതിയ പ്രോജക്ട് നടപ്പാക്കുമ്പോൾ ആയതിന്റെ തുടർ പരിപാലനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടു വേണമായിരുന്നു പ്രോജക്ട് നിർവ്വഹിക്കുവാൻ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14) വിവിധ ഔഷധസസ്യങ്ങളിൽ വൃക്ഷങ്ങളാകുന്ന സസ്യങ്ങൾ, പിഎച്ച് സി യുടെ വിപുലീകരണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതിനാൽ ടി കോംപൗണ്ടിലേക്ക് ഉടൻ തന്നെ മാറ്റി നടുന്നതാണെന്ന് മെഡിക്കൽ ഓഫിസർ അറിയിച്ചിട്ടുണ്ട്. പി.എച്ച്.സി യുടെ വിപുലീകരണപ്രവർത്തനങ്ങൾ പൂർത്തിയായി മരങ്ങൾ മാറ്റി നട്ട് പരിപാലിച്ച് ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനായി

ചെലവഴിച്ച തുകയും സംരക്ഷണചെലവും പാഴ്ചെലവായി പരിണമിക്കാതിരിക്കാൻ ജാഗ്രതാ പൂർണ്ണമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-30 അഗതിരഹിത കേരളം - പ്രവർത്തനം മന്ദഗതിയിൽ

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിരുന്നു (തീരുമാനം നമ്പർ-27.06.2018 ലെ 1). ടി ലിസ്റ്റിൽ ആകെ 197 കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. കരട് ലിസ്റ്റിന്മേൽ ലഭിച്ച അപ്പീലുകൾ പരിശോധിച്ചതിനുശേഷം അന്തിമലിസ്റ്റിന് നിലവിലും തർക്കമുള്ളതായി കാണുന്നു. പദ്ധതിയ്ക്കുവേണ്ടി ഭരണസമിതി അംഗീകരിച്ച അടങ്കൽ താഴെപ്പറയും പ്രകാരമാണ്.

| ധനസ്രോതസ് | തുക (രൂപ) |
|---|---|
| ചലഞ്ച് ഫണ്ട് | 4034200 |
| പദ്ധതിവിഹിതം | 8495000 |
| ആകെ | 12529200 |

ആശ്രയ/അഗതിരഹിതകേരളം പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ആരംഭിച്ച് ക്ളോസ്സ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|
| 40541100006695- എൻ.എം.ജി.ബി തലയോലപ്പറമ്പ്<br>ആശ്രയ ഒന്നാം ഘട്ടം | 30.4.19 ൽ 635669 | അക്കൗണ്ട് ക്ലോസുചെയ്തു |
| 20720100001931- ഫെഡറൽ ബാങ്ക് കെ.എസ് മംഗലം<br>ആശ്രയ രണ്ടാം ഘട്ടം | 30.04.19 ൽ 770402 | |
| 40541101028-കേരള ഗ്രാമീൺ ബാങ്ക് | 13.11.19 ൽ 16,56,302 | 9.4.2019ൽ ആരംഭിച്ചു. |

ആശ്രയ ആദ്യ രണ്ട് ഘട്ട പ്രോജക്ടുകളിൽ അക്കൗണ്ടുകളിൽ ബാലൻസുണ്ടായിരുന്ന തുകകൾ പുതുതായി ആരംഭിച്ച അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2018-19 വർഷം വികസനഫണ്ടിൽനിന്ന് തുകയൊന്നും പ്രോജക്ടിനായി നൽകിയിട്ടില്ല. 2019-20 വർഷം 5 ലക്ഷം രൂപ വികസനഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണവും ടിയാളുകളുടെ അർഹത സംബന്ധിച്ചും നിലവിലും തർക്കങ്ങളുള്ളതിനാൽ നാളിതുവരെ വികസനഫണ്ട് ചെലവഴിച്ചിട്ടില്ല. 30.9.19 മുതൽ ഭക്ഷണച്ചെലവിനായി 2,82,000/- രൂപ ചലഞ്ച് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. മതിയായ ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദുർബലജനവിഭാഗങ്ങളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല.

പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ് സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് അഗതിരഹിത കേരളം എന്ന ലക്ഷ്യപ്രാപ്തിക്കായി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

## 1-31 പഞ്ചായത്ത് ഓഫീസ് നവീകരണം- അടിസ്ഥാന സൗകര്യം ഉറപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 154/19,പഞ്ചായത്ത് ഓഫീസ് നവീകരണം. |
| അടങ്കൽ | 425831(തനത് ഫണ്ട്) |
| ചെലവ് | 339514(തനത് ഫണ്ട്) |
| വൗച്ചർ നമ്പർ,തീയതി | 21000965/15.10.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സുഹാസ് ആർ |
| എം.ബുക്ക് നമ്പർ | 34/16-17 |

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം കെട്ടിടത്തിന്റെ മുകൾ ഭാഗത്തേക്ക് മാറ്റി കൂടുതൽ സൗകര്യങ്ങൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉറപ്പ് വരുത്തുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2017-18 വർഷം 123/17 എന്ന പ്രോജക്ട് പ്രകാരം 4,99,000/-രൂപ അടങ്കലായി രൂപീകരിച്ച പ്രോജക്ടാണിത്. 31.3.17 ൽ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെടുകയും (നമ്പർ 34/AE/LSGD /MPT/16-17 DATED 31.3.17) കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു. കരാറുകാരന്റെ നിസ്സഹകരണം മൂലം പ്രവൃത്തി നീണ്ടുപോകുകയും (ഫൈൻ ഈടാക്കിയിട്ടുണ്ട്) ഒടുവിൽ 27.3.18 ൽ പാർട്ട് ബില്ലായി 73,537 രൂപ ചെലവഴിക്കുകയും ചെയ്തു. 27.6.18 ലെ 2(12) നമ്പർ കമ്മറ്റി തീരുമാന പ്രകാരം റൂഫ് സ്ലാബ് പൊട്ടിക്കാനും പുതുതായി രണ്ട് ടോയ്‌ലെറ്റുകൾ ഉൾപ്പെടുത്താനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു. 5.10.18 ൽ പ്രവൃത്തി പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പൊതുജനങ്ങൾക്കും ജീവനക്കാർക്കും അടിസ്ഥാന സൗകര്യമൊരുക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ട് പോലും പുതുതായി ഓഫീസ് പ്രവർത്തിക്കേണ്ട മുകളിലത്തെ നിലയിലേക്ക് ജലലഭ്യത ഉറപ്പാക്കാനായില്ല. അതിനാൽ പ്രാഥമികാവശ്യങ്ങൽക്ക് ജീവനക്കാർ താഴത്തെ നിലയിലേക്ക് പോകേണ്ട അവസ്ഥയാണുള്ളത്.

2)മുകളിലത്തെ നിലയിൽ മുൻവർഷങ്ങളിൽ പണിപൂർത്തിയാക്കിയ ടോയ്‌ലറ്റിൽ ജലമില്ലാത്തതിനാൽ ഉപയോഗശൂന്യമായി ക്ളോസറ്റുകൾ നശിക്കുന്ന അവസ്ഥയിലാണ്. വാഷ് ബേസിനും ഉപയോഗരഹിതമാണ്.

3)ഓഡിറ്റ് നടന്ന നവംബർ മാസത്തിൽ പോലും മേൽനിലയിൽ ചൂട് സഹിക്കാനാവാത്ത അവസ്ഥയാണുള്ളത്. സ്ഥിരമായി പ്രവർത്തിക്കേണ്ട ഓഫീസ് എന്ന നിലയിൽ ജനറേറ്റർ ആവശ്യമാണെങ്കിലും ആയതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല.

4) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കിട്ടിയ ഗ്രാമപഞ്ചായത്തിൽ റെക്കോർഡ് റൂം അടച്ചുറപ്പില്ലാതെ തുറന്ന് കിടക്കുന്ന അവസ്ഥയാണുള്ളത്. ലഭ്യമായ സ്ഥലം പ്രയോജനപ്പെടുത്തി റെക്കോർഡ് റൂം സംരക്ഷിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 4,00,000/- രൂപ അടങ്കലായി തൻവർഷം രൂപീകരിച്ച മറ്റൊരു പ്രോജക്ട് (നമ്പർ 107/19) പ്രകാരവും തുക വകയിരുത്തിയെങ്കിലും ചെലവഴിക്കുകയുണ്ടായില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർവർഷങ്ങളിൽ പരിഹാരനടപടികൾ സ്വീകരിക്കുമെന്നാണ് മറുപടി ലഭിച്ചത്. അപാകതകൾ പരിഹരിച്ച് പശ്ചാത്തല സൗകര്യങ്ങളിലുള്ള അപര്യാപ്തതകൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗവിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

1)78/19 സ്ട്രീറ്റ് ലൈൻ വലിക്കൽ-ജി.എസ്.റ്റി അടവാക്കൽ എന്ന പ്രോജക്റ്റിനായി തനത്ഫണ്ടിൽ നിന്നും 26960 രൂപ ( 2017-18 ൽ 699550 രൂപ നിക്ഷേപിച്ചതിന്റെ ജി.എസ്.റ്റി കെ.എസ്.ഇ.ബി യിൽ അടവാക്കി) വൗച്ചർ നമ്പർ 21801036/7.1.19 പ്രകാരം പിൻവലിച്ച് കെ.എസ്.ഇ.ബി.യിൽ അടവാക്കി. 2017-18 ൽ 699550/- രൂപ നിക്ഷേപിച്ചിരുന്നു. ആയതിന്റെ ജി.എസ്.റ്റി. വിഹിതമാണ് തൻവർഷം അടവാക്കിയത്. നാളിതുവരെ പ്രോജക്ട് നിർവ്വഹിച്ചതായി കാണുന്നില്ല.

2)176/19 അങ്കണവാടി കെട്ടിടനിർമ്മാണത്തിന് വിഹിതം നൽകൽ എന്ന പ്രോജക്റ്റിനായി 1,00,000/- രൂപ വികസനഫണ്ടിനത്തിലും (ബിൽ നമ്പർ 25/18-19,20.12.18) 50,000/- രൂപ തനത് ഫണ്ടിനത്തിൽ നിന്നും പിൻവലിച്ച് (വൗച്ചർ നമ്പർ 21000979/19.12.18) തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ, തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 6) നൽകിയിരുന്നു. 78/19 പ്രോജക്ട് മെറ്റീരിയലിന്റെ കുറവ് മൂലം നിർവ്വഹണം ആരംഭിച്ചിട്ടില്ലെന്നും 31.12.19 നകം പൂർത്തിയാക്കുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. 33-ാം നമ്പർ അങ്കണവാടിക്കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നതായും ഫ്ലോറിംഗ്, ജനൽപാളി, ടോപ്പ് പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, പ്ലംബിംഗ് വർക്കുകൾ ഇനി പൂർത്തിയാക്കാനുണ്ടെന്നും മറുപടി ലഭ്യമാക്കി. 2017-18 ൽ ടി പ്രോജക്റ്റിനായി 50,000 രൂപ ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിരുന്നു ( 2017 -18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4).

പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 1,76,960/- (26,960+1,50,000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പ്രോജക്ട് നം 52/18-19 കന്നുകുട്ടി പരിപാലനം- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
ചെലവ് - 750000 (250000 (പൊതു വിഭാഗം)+ 500000 (മറ്റുള്ളവ))

1. <u>വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.</u>

പ്രസ്തുത പ്രോജക്ട് പ്രകാരം കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിന് 40 ഗുണഭോക്താക്കൾക്കായി 2,50,000/- രൂപ (6,250 രൂപ/ഗുണഭോക്താവ്) ബിൽ നമ്പർ 5/18-19 (തീയതി 2.3.19, തുക 2,50,000) പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 70801140000050, കോട്ടയം ജില്ലാ ട്രഷറി) നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതായുള്ള അസിസ്റ്റന്റ് ഡയറക്ടറുടെ (കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം) കൈപ്പറ്റ് രസീതും പ്രസ്തുത പ്രോജക്ടിനായി ചെലവായ 2,50,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിനിയോഗ കാലയളവിലെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. <u>പ്രോജക്ട് കാലാവധിക്കുമുൻപ് കാലിത്തീറ്റ വാങ്ങൽ നിർത്തിയിരിക്കുന്നു</u>

പരിശോധനക്കായി ഹാജരാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും എൻറോൾ ചെയ്തിരുന്നതുമായ ഗീത വേലിക്കകത്ത് എന്ന ഗുണഭോക്താവ് 2019 ഓഗസ്റ്റ് മാസത്തിന് ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ലയെന്ന് കാണുന്നു. പ്രോജക്ട് കാലാവധിക്കു മുൻപ് കാലിത്തീറ്റ വാങ്ങൽ നിർത്തിയതു സംബന്ധിച്ച എൻക്വയറിക്ക് (25/03.12.19)

കാലിത്തീറ്റ വാങ്ങിയിട്ടുണ്ടെന്നും ക്ലറിക്കൽ മിസ്റ്റേക്ക് മൂലം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും ശ്രീമതി ഗീത വേലിക്കകത്തിന് നൽകിയിട്ടുള്ള കന്നുകുട്ടി കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പ്രസ്തുത ഗുണഭോക്താവിനെ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്ന പക്ഷം ഇവർക്ക് നൽകിയിട്ടുള്ള സബ്സിഡി ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്.

## 1-34 ഉരുക്കളെ വാങ്ങൽ പ്രോജക്ടുകളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 63 (ആട്ട വളർത്തൽ), പ്രോജക്ട് നം. 69 (ആട്ട വളർത്തൽ-എസ്.സി), പ്രോജക്ട് നം. 70 (ആട്ട വളർത്തൽ-എസ്.ടി), പ്രോജക്ട് നം. 181 (കറവ പശു വളർത്തൽ – എസ്.ടി) പദ്ധതികൾ പ്രകാരം മറവന്തുരുത്ത് ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കായി 59 ആടുകളെയും ഒരു പശുവിനെയും വാങ്ങുന്നതിനായി 2018-19 സാമ്പത്തിക വർഷം 5,56,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വാങ്ങലുകളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പദ്ധതി മാർഗ്ഗ രേഖ പ്രകാരം (സ.ഉ.കൈനം.22/2018/തസ്വഭവ തീയതി.14.02.18) വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കൾ അംഗങ്ങളായുമുള്ള കമ്മറ്റിയാണ് വാങ്ങലുകൾ നടത്തേണ്ടത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകൾ പ്രകാരം വാങ്ങലുകൾ ഗുണഭോക്താക്കൾ നേരിട്ട് നടത്തിയതായി കാണുന്നു.

2. ഉരുക്കളുടെ പ്രായം, ഗുണമേന്മ എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണെന്ന് പറയുന്നുണ്ടെങ്കിലും അത്തരം യാതൊരു സാക്ഷ്യപ്പെടുത്തലുകളും ഫയലിൽ ലഭ്യമല്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/03.12.19) ആടുകളെ വാങ്ങുന്നതിനായി നിരവധി ഏജൻസികളെയും ഫാമുകളെയും സമീപിച്ചെങ്കിലും സ്കീമിൽ നിശ്ചയിച്ച പ്രകാരമുള്ള കറവയാടുകളെ നൽകുന്നതിന് അവർക്ക് സാധിച്ചിരുന്നില്ലയെന്ന് അറിയിച്ചിതിനാൽ ആടുകളെ നേരിട്ട് വാങ്ങുന്നതിന് കമ്മറ്റി അനുവാദം നൽകിയെന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശ്ശങ്ങൾ അനുസരിച്ച് പദ്ധതികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിലൂടെ ക്ഷീരോൽപ്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധനവ് വിലയിരുത്തി സ്ഥിതിവിവര കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

## 1-35 ലൈബ്രറിയുടെ പ്രവർത്തനം – അവലോകനം

ഗ്രാമപഞ്ചായത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലൈബ്രറിയുടെ പ്രവർത്തനത്തിലെ അപാകതകൾ ശ്രദ്ധയിൽപെട്ടു. ആയത് ചുവടെ ചേർക്കുന്നു.

1) നിലവിലെ സെക്രട്ടറി 12.6.17 ൽ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ 638 പുസ്തകങ്ങൾ മാത്രമാണ് ലൈബ്രറിയുടെ സ്റ്റോക്കിലുള്ളത്. അതിന് മുമ്പുള്ള പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കാത്തതിന്റെ കാരണം വ്യക്തമല്ല.

2) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 70 പുസ്തകങ്ങൾ തിരികെ ലഭിക്കാത്തതായി കാണുന്നു.

| സ്റ്റോക്ക്രജിസ്റ്റർ പേജ് നമ്പർ | ആകെ നൽകിയ പുസ്തകം | തിരികെ കിട്ടിയത് | ബാലൻസ് കിട്ടാനുള്ളത് |
|---|---|---|---|
| 3 | 9 | 0 | 9 |
| 4-5 | 8 | 5 | 3 |
| 6-7 | 10 | 8 | 2 |
| 8-9 | 10 | 4 | 6 |
| 10-11 | 26 | 20 | 6 |
| 12-13 | 21 | 16 | 5 |
| 14-15 | 18 | 15 | 3 |
| 16-17 | 25 | 16 | 9 |
| 18-19 | 17 | 11 | 6 |
| 20-21 | 22 | 22 | 0 |
| 22-23 | 16 | 16 | 0 |
| 24-25 | 21 | 20 | 1 |
| 26-27 | 19 | 13 | 6 |
| 28-29 | 18 | 11 | 7 |
| 30-31 | 11 | 4 | 7 |
| ആകെ | 251 | 181 | 70 |

3) വാർഷിക കണക്കുകളും ബൈലോയും തയ്യാറാക്കി ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം നാളിതുവരെ നേടുന്നതിന് സാധിച്ചിട്ടില്ല.

4) 2018-19 ലെ കളക്ഷൻ ആകെ 950/- രൂപ മാത്രമാണ്.

5) പുതിയ മെമ്പർഷിപ്പുകൾ ചേർക്കാനും പുസ്തകശേഖരം വിപുലമാക്കാനും നടപടി സ്വീകരിച്ചില്ല.

മേൽ സൂചിത അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നമ്പർ 20). 26.12.17-ന് ബൈലോ അംഗീകരിച്ച് ഡി.ഡി.പി. ഓഫീസിൽ സമർപ്പിച്ചുവെങ്കിലും ചില അപാകതകൾ തിരുത്തേണ്ടി വന്നെന്നും അതിന് ശേഷം ഡി.ഡി.പി ഓഫീസിലേക്ക് പുനർസമർപ്പിച്ച ബൈലോ 9.8.18 ന് പഞ്ചായത്ത് ഡയറക്ടർക്ക് അംഗീകാരത്തിനായി അയച്ചെന്നും മറുപടി ലഭ്യമാക്കി. ബൈലോ നാളിതുവരെ അംഗീകരിച്ച് കിട്ടിയിട്ടില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകളെല്ലാം പരിഹരിക്കുമെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഭരണസമിതി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 ഫിറ്റ്നെസ്സില്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു

2018-19 ൽ 1,2,4 വാർഡുകളിലെ അങ്കണവാടികൾ ഫിറ്റ്നെസ്സില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് 4.6.19 ലെ 17-ാം നമ്പർ കമ്മറ്റിത്തീരുമാനത്തിൽ വ്യക്തമാക്കിയിരുന്നു. അതിനാൽ അങ്കണവാടികളുടെ അപകടാവസ്ഥ മറികടക്കാനും അങ്കണവാടികൾക്കും സ്കൂളുകൾക്കും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്

നൽകിയതിന്റെ ഫയൽ സഹിതം മറുപടി നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ 2/25.11.19). 2018-19-ൽ അങ്കണവാടികൾക്ക് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ ഫയൽ ഓഡിറ്റിന് ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 21 അങ്കണവാടികളുള്ളതിൽ 9 എണ്ണത്തിനാണ് സ്വന്തമായി കെട്ടിടമുള്ളത്. 2 അങ്കണവാടികൾ സ്കൂൾ കെട്ടിടത്തോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമുള്ള 9 അങ്കണവാടികളിൽ വാർഡ് 1 ലെ 45 നമ്പർ, വാർഡ് 2 ലെ 40-ാം നമ്പർ അങ്കണവാടികൾക്കും അസിസ്റ്റന്റ് എഞ്ചിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റാണ് നൽകിയത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാർഡ് 4 ലെ അങ്കണവാടിക്കും അസിസ്റ്റന്റ് എഞ്ചിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റാണ് നൽകിയത്. ഒന്നാം വാർഡിലെ 45 നമ്പർ അങ്കണവാടി പുനരുദ്ധാരണത്തിന് 2019-20 വർഷം 130/20 നമ്പരായി പ്രോജക്ട് രൂപീകരിച്ച് മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. വാർഡ് 4 ലെ 33-ാം നമ്പർ അങ്കണവാടി കെട്ടിടം പൊളിച്ച് നീക്കി പുതിയ കെട്ടിടം നിർമ്മിച്ച് വരുന്നുവെന്നും സെക്രട്ടറി മറുപടി നൽകി. എന്നാൽ 2019-20 വർഷത്തെ ഫിറ്റ്നെസ്സിന്റെ ഫയൽ പരിശോധിച്ചപ്പോൾ അങ്കണവാടികളുടെയും സ്കൂളുകളുടെയും ഫിറ്റ്നെസ്സ് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

**1 )<u>അങ്കണവാടികളുടെ ഫിറ്റ്നെസ്സ്</u>**

| അങ്കണവാടി നമ്പർ | വാർഡ് നമ്പർ | അസിസ്റ്റന്റ് എഞ്ചിനീയറുടെ റിമാർക്സ് | നേരിൽ പരിശോധിച്ചപ്പോൾ കാണപ്പെട്ട അവസ്ഥ |
|---|---|---|---|
| 45,തറവട്ടം | 1 | ഭിത്തിയിൽ വിള്ളൽ, മഴവെള്ളം നേരിട്ട് മുറിയിലെത്തുന്നു. വാതിലുകളും ജനലുകളും ജീർണ്ണാവസ്ഥയിൽ | വളരെ അപകടാവസ്ഥയിൽ.പുറകിലെ ടോയ് ലെറ്റുൾപ്പെടെ പൊട്ടി വീഴാറായ അവസ്ഥയിൽ. |
| 41 | 11 | ഭിത്തിയിൽ പൊട്ടൽ, ചെറിയ മുറി | വാടക കെട്ടിടം. ചെറിയമുറി, ചുറ്റുമതിലില്ല. പുതുതായി 3 സെന്റ് സ്ഥലം കണ്ടെത്തി ആസ്തിയാക്കി. |
| 40 ഗുരുമന്ദിരം | 2 | ഭിത്തിയിൽ പൊട്ടൽ, മേൽക്കൂര ജീർണ്ണാവസ്ഥയിൽ | ജനലുകൾ ജീർണ്ണാവസ്ഥയിൽ, ചുറ്റുമതിലില്ല. റൂഫ് തൻവർഷം മെയിന്റനൻസ് നടത്തിയെങ്കിലും നിലവിലും ചോർച്ചയുണ്ട്. ക്ഷേത്രത്തിന്റെ കോംപൗണ്ടിൽ സ്ഥിതി ചെയ്യുന്നു. |
| 15 | 44 | അങ്കണവാടിയിലേക്ക് വഴിയില്ല. മറ്റ് വീടുകളിലേക്കുള്ള വഴിയെ കുട്ടികൾ പോകുന്നു. വഴിയിൽ ഫുട് സ്ളാബ് ഇളകി കിടക്കുന്നു. | പ്രാദേശിക പരിശോധന നടത്തിയില്ല. |
| 4 | 33 | ആൾതാമസമുള്ള കെട്ടിടത്തിന്റെ വരാന്തയിൽ പ്രവർത്തിക്കുന്നു. | നിലവിൽ പുതിയ കെട്ടിടം പണിതുവരുന്നു. |

*2)* പഴയ ഗ്രാമപഞ്ചായത്ത് കെട്ടിടം അപകടാവസ്ഥയിലാണെന്ന ചൂണ്ടിക്കാട്ടി അസി.എഞ്ചിനീയർ അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടി കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ടി കെട്ടിടത്തിൽ ഏതെങ്കിലും ഓഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ

ആയത് അടിയന്തിമായി നിർത്തലാക്കേണ്ടതാണ്.

മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. സ്കൂളുകൾക്കും അങ്കണവാടികൾക്കും അടിസ്ഥാന സൗകര്യം ഒരുക്കാൻ നാളിതുവരെ ഗ്രാമപഞ്ചായത്തിന് കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. അപാകതകൾ പരിഹരിച്ച് വിദ്യാർത്ഥികളുടെ ജീവന് സുരക്ഷ നൽകേണ്ടതും ഓരോ സ്കൂളിന്റെയും അങ്കണവാടികളുടെയും അപാകതകൾ പരിഹരിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ അൺഫിറ്റായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് പ്രഥമ പരിഗണന നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-37 തെരുവ് വിളക്ക് വാങ്ങൽ - ഇൻസ്റ്റലേഷൻ വിവരങ്ങളില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000 |
| ചെലവ് | 298850 |
| ധനകാര്യസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ/ തീയതി | 15/16.8.2018 |

വൈദ്യുത പോസ്റ്റുകളിൽ 18w LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കു ക്വോട്ടുചെയ്ത ഓമിലക്സ് സർവീസസ്, കോട്ടയം എന്ന സ്ഥാപനത്തിൽനിന്ന് 215 ലൈറ്റുകൾ വാങ്ങുന്നതിന് 2,98,850/-രൂപ ചെലവഴിച്ചിരുന്നു (ഒരു ലൈറ്റിന് 1390 രൂപ). 195ലൈറ്റുകൾ സ്റ്റോക്കിലെടുത്ത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 123) ഓരോ വാർഡിലും ഏതൊക്കെ വൈദ്യുത പോസ്റ്റുകളിലാണ് ലൈറ്റുകൾ സ്ഥാപിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി.യുടെ അനുമതി ഗ്രാമപഞ്ചായത്ത് വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല.

20 ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ലൈറ്റുകൾ സ്ഥാപിച്ച വൈദ്യുതപോസ്റ്റുകളുടെ വിശദാംശങ്ങളും മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നമ്പർ13). 195 ലൈറ്റുകൾ സ്ഥാപിച്ചതിന്റെയും ആയത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമായി. 20 ബൾബുകൾ സ്ഥാപിച്ചശേഷം വിവരം അറിയിക്കാമെന്നാണ് മറുപടി ലഭ്യമായത്. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ 20 ലൈറ്റുകളുടെ വിലയായ 27,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 10.06.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 07.06.2019ലെ കെ.എസ്.എ.കെ.ടി.എം.പി9-755/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 3.9.18 | 770517 | ലൈഫ് ഫേസ് 2 ജനറൽ | 770517 | 0 |
| | 3.9.18 | 236923 | ലൈഫ് ഫേസ് 2 എസ്.സി | 0 | 236923 |
| | 3.9.18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 3.9.18 | 50000 | അനപൂരക പോഷകാഹാരപരിപാടി | 50000 | 0 |
| | 7.9.18 | 100000 | ആശ്വാസകിരണം | 100000 | 0 |
| | 7.9.18 | 100000 | നെൽകൃഷി വികസനം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 10.10.18 | 500000 | തോട് ആഴം കൂട്ടൽ | 0 | 500000 |
| | 10.10.18 | 1876064 | ലൈഫ് ഫേസ് 2 ജനറൽ | 1876064 | 0 |
| | 10.10.18 | 539358 | ലൈഫ് ഫേസ് 1 പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 539358 | 0 |
| | 10.10.18 | 85476 | ലൈഫ് ഫേസ് 1 പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 85476 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി | | |
| ബ്ലോക്ക് പഞ്ചായത്ത് | 10.10.18 | 200000 | മറ്റത്തുകുളം പുനരുദ്ധാരണം | 0 | 200000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മിഷൻ ഡയറക്ടർ, തൊഴിലുറപ്പ് പദ്ധതി | 176/19 അംഗനവാടി കെട്ടിടനിർമ്മാണം വിഹിതം നൽകൽ | 100000(ബിൽ നമ്പർ25/18-19 20.12.18) 50000 (വൗച്ചർ നമ്പർ 21800979/19.12.18) | 0 | 150000 |
| കെ.എസ്.ഇ.ബി | 180/19 കുറ്റിക്കാട്ട്കോളനി ലൈൻ മാറ്റി സ്ഥാപിക്കൽ | 15268 വൗച്ചർ നമ്പർ | 15268 | 0 |
| കെ.എസ്.ഇ.ബി | 9/19 സ്ട്രീറ്റ് ലൈൻ വലിക്കൽ | 399796 ബിൽ നമ്പർ22/19,13.12.18 | 399796 | 0 |
| കെ.എസ്.ഇ.ബി | 178/19 സ്ട്രീറ്റ് ലൈൻ വലിക്കൽ ജി.എസ്.റ്റി അടവാക്കൽ | 125960 വൗച്ചർ നമ്പർ | 0 | 125960 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി ഒ(എം.എസ്) | 8973419 | - | - | - | 8973419 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | | | | |
| ഇ.എം.എസ് ഭവനപദ്ധതി | | 12261000 | 310503 | 310503 | 749153 | 0 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 38526/- രൂപയുടെ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2017-18 | ഖണ്ഡിക 3(3) കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയത് | 37176 | സെറിന് വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 118020900020/24.3.19 |
| 2017-18 | ഖണ്ഡിക 2(6) തൊഴിൽനികുതി | 1350 | ഇൻഡോ അമേരിക്കൻ ആശുപത്രി | 118060103580/21.3.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-00 | ഭാഗം 2,ഖണ്ഡിക 3 | 2004-05 | 3.5.5(1) | മണമേൽ കടവ് പാലം നിർമ്മാണത്തിലെ അപാകതകൾ | - |
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷികപദ്ധതിയും കൃഷിഭവനം, ശിശുക്ഷേമം | - |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,50,87,234 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,78,53,032 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :6,23,975 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 33,885 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| 1-20 | 30,000 | ഡോ.അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-22 | 1,50,000 | ശ്രീ.ജിജിമോൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 123 | 1,00,000 | ശ്രീ.എം.വിജയകുമാർ, ഹെഡ്മാസ്റ്റർ |
| 1-25 | 86,200 | ഡോ.അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-27 | 19,130 | ഡോ.അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-32 | 1,76,960 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| 1-37 | 27,800 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| ആകെ | 6,23,975 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00, 2000-01, | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(1)/18/ 16.02.18 |

| | |
|---|---|
| 2001-02 | |
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(3)/18/ 09.01.18 |
| 2003-04ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(4)/18/ 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(5)/18/ 08.01.18 |
| 2005-06 | എൽ.എഫ്.കെ.പി6/1109/11 22.6.12 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13 7.12.13 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(6)/18/ 09.01.18 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(7)/18 09.01.18 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.പി6/1264(1)/16/15.03.17 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(1)/16/13.03.17 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(2)/16/25.04.17 |
| 2012-13 | എൽ.എഫ്.കെ.പി.6/988/14 /7.7.15 |
| 2013-14, 2014-15 | കെ.എസ്.എ കെടിഎം പി6 /294/17 05.04.17 |
| 2015-16 | കെ.എസ്.എ കെടിഎം പി6/ 1788/16 16.08.17 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |
| 2017-18 | കെ.എസ്.എ കെടിഎം പി6/ 1964/18 29.10.18/14.11.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി6 /1869/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 10.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**